LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക

406 (1852) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പെൻഷനുകൾ ഓരോന്നും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്താകെ ഇത്തരം ക്ഷേമപെൻഷനുകൾ എത്ര പേർക്ക് ലഭിക്കുന്നുവെന്ന ഇനം തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) പ്രസ്തുത ഇനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) ക്ഷേമപെൻഷനുകൾ നല്കുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഏതു മാസം വരെയാണ് പെൻഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പെൻഷൻ കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സാമൂഹ്യനീതി വകുപ്പ് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകളാണ് വികലാംഗപെൻഷൻ, അഗതി (വിധവ)പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. ഈ പെൻഷനുകൾ ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്. മറ്റു മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1. അറുപത് വയസ്സ് പൂർത്തിയായിരിക്കണം. 2. കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിര താമസം
വികലാംഗപെൻഷൻ	1. അസ്ഥിവൈകല്യം : ചുരുങ്ങിയത് 40%

2. അന്ധത : കാഴ്ചശക്തി കൂടുതലുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്.

3. ബധിരത :-കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്.

4. മാനസിക വൈകല്യം :-ഐ.ക്യൂ 50-ൽ താഴെ

അഗതി (വിധവ) പെൻഷൻ	വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്.
50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1. 50 വയസ്സ് പൂർത്തിയായിരിക്കണം. 2. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം.

(സി) സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം ചുവടെ ചേർക്കുന്നു.

- ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 725411
- 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ - 102777
- അഗതി(വിധവ) പെൻഷൻ - 1009217
- വികലാംഗപെൻഷൻ - 286820
- 80%ഉം അതിനുമുകളിൽ അംഗവൈകല്യമുള്ളവർ - 38701
- 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 67518

(ഡി) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 70380.98 ലക്ഷം

അഗതി (വിധവ) പെൻഷൻ - 101729.08 ലക്ഷം

വികലാംഗപെൻഷൻ - 34275.44 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 6805.83 ലക്ഷം

(ഇ) ഉണ്ട്. 2014 ആഗസ്റ്റ് മാസം വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

(എഫ്) ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി പെൻഷൻ വിതരണം നടത്തുന്നതാണ്.

സ്നേഹപൂർവ്വം പദ്ധതി

407 (1853) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്നേഹപൂർവ്വം പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; കഴിഞ്ഞ അദ്ധ്യയന വർഷം സ്കോളർഷിപ്പ് നൽകിയത് വൈകിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇനത്തിൽ കഴിഞ്ഞ അദ്ധ്യയനവർഷം എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

6-6-2012-ലെ സ.ഉ.(എംഎസ്.) 36/2012/സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം സ്നേഹപൂർവ്വം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14 അദ്ധ്യയന വർഷത്തെ ആനുകൂല്യത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലായിരുന്നു. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് മാത്രമായി ആനുകൂല്യം പരിമിതപ്പെടുത്തിയിരുന്നത് കണക്കിലെടുക്കാതെ അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ കണ്ടെത്തി തരംതിരിക്കുന്നതും അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് വാങ്ങുന്നതും ശ്രമകരമായ ജോലിയായതിനാൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിട്ട കഴിഞ്ഞ അദ്ധ്യയന വർഷത്തെ (2013-14) സ്നേഹപൂർവ്വം പദ്ധതി ധനസഹായം അനുവദിക്കുന്നതിന് 11,41,96,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

മാവേലിക്കരയിലെ മാതൃകാ അംഗൻവാടി

408 (1854) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 32-ാം നമ്പർ അംഗൻവാടിയിൽ 4 വർഷത്തോളം ഹെൽപ്പറായി ജോലി ചെയ്തിരുന്ന തഴക്കര ചെറുകുന്നം മലയിൽ വീട്ടിൽ രാധാമണിയെ സർവ്വീസിൽ നിന്നും പിരിച്ചു വിട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രാധാമണിയെ ഹെൽപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗൻവാടിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുമോ ; ഏത് അംഗൻവാടിയാണ് മാതൃകാ അങ്കൻവാടിയാക്കി മാറ്റിയിരിക്കുന്നത്; നിലവിൽ ഇതിന്റെ സ്ഥിതി വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly